# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 03-02-2020 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 349

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി

**ചോദ്യം**

ശ്രീ.കെ.ആൻസലൻ :
ശ്രീ.സി.കെ.ഹരീന്ദ്രൻ :
ശ്രീ.എൻ.വിജയൻ പിള്ള :
ശ്രീ.വി.ജോയി :

**മറുപടി**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ആദ്യഘട്ട നിർമ്മാണം എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വിവിധ ഘടകങ്ങളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തികരിച്ചു. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോ-പകരണങ്ങൾ (ക്രെയ്നുകൾ, ടഗ് ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 3 ടഗ് ബോട്ടുകൾ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| | | യാർഡ്ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |

(ബി) പദ്ധതിയുടെ നിർമ്മാണപുരോഗതി യഥാസമയം വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണ പുരോഗതി യഥാസമയം വിലയിരുത്തുന്നതിനായി കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഇൻഡിപെൻഡൻറ് എഞ്ചിനിയറെ നിയമിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള Project Implementation committee (PIC), Empowered committee (EC) തുടങ്ങിയ രണ്ട് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) തുറമുഖത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്നും നിശ്ചിതസമയത്ത് തന്നെ നിർമ്മാണം പൂർത്തിയാക്കണ - മെന്നും അല്ലാത്ത പക്ഷം നഷ്ടപരിഹാരം നൽകേണ്ടിവരുമെന്നും കമ്പനിയെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) അറിയിച്ചിട്ടുണ്ട്. കൺസഷൻ കരാർ പ്രകാരം, 2015 ഡിസംബർ 5-ാം തീയതി നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ ഒന്നാം ഘട്ടം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്.

(ഡി) കരിങ്കല്ല് അടക്കമുള്ള നിർമ്മാണസാമഗ്രികളുടെ ക്ഷാമം പരിഹരിച്ച് പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ഡി) കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. കമ്പനി ആവശ്യപ്പെട്ടതനുസരിച്ച് ക്വാറികൾക്ക് വിവിധ അനുമതികൾ നൽകുന്നതിനു വേണ്ടി സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

Sheela

**സെക്ഷൻ ഓഫീസർ**